# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നീർത്തട വികസന മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി തിരുവനന്തപുരം ജില്ലയിലെ കരകുളത്തെ ഗ്രാമീണ പഠന കേന്ദ്രത്തെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) 2558/10/തസ്വഭവ                തിരുവനന്തപുരം, തീയതി: 03.08.10

---

പരാമർശം:- (1) 22.3.08-ലെ സ.ഉ. (എം.എസ്) നം.89/08/തസ്വഭവ നമ്പർ ഉത്തരവ്
(2) 15.2.10-ലെ സ.ഉ (സാധാ) 498/10/തസ്വഭവ നമ്പർ ഉത്തരവ്.
(3) 3.6.10-ലെ ഗ്രാമവികസന കമ്മീഷണറുടെ 14378/NREG Cell (2)/10/CRD നമ്പർ കുറിപ്പ്
(4) 28.6.10-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം നമ്പർ 2.21.

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി എല്ലാ ഗ്രാമപഞ്ചായത്തുകളും നീർത്തട വികസന മാസ്റ്റർ പ്ളാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 7.4.09-ലെ. 49/09/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നീർത്തട വികസന മാസ്റ്റർ പ്ളാനുകൾ തയ്യാറാക്കുന്നതിനായി 29-1-10-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.91നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂചന രണ്ടിലെ ഉത്തരവുപ്രകാരം പാലക്കാട് മൈത്രിയെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിലെ കരകുളത്തെ ഗ്രാമീണ പഠനകേന്ദ്രത്തിന്റെ മുൻപരിചയം വിലയിരുത്തിയശേഷം പ്രസ്തുത കേന്ദ്രത്തെയും അക്രഡിറ്റഡ് ഏജൻസിയായി പരിഗണിക്കാമെന്നും തീരുമാനിച്ചിരുന്നു. ഗ്രാമീണ പഠന കേന്ദ്രത്തെയും അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ഗ്രാമ വികസന കമ്മിഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

പ്രസ്തുത ശുപാർശ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (4) ന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കരകുളത്തെ ഗ്രാമീണ പഠനകേന്ദ്രത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയുടെ ഭാഗമായി, നീർത്തട വികസന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി.സരസ്വതിഅമ്മ,
അഡീഷണൽ സെക്രട്ടറി.

(1) എക്സി: ഡയറക്ടർ, ഗ്രാമീണ പഠനകേന്ദ്രം, കരകുളം, തിരുവനന്തപുരം
(2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
(3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
(4) എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്/സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
(5) എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്/സെക്രട്ടറിമാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
(6) എക്സിക്യൂട്ടീവ് ഡയറക്ടർ, മൈത്രി, മുനിസിപ്പൽ കോംപ്ലക്സ് (രണ്ടാം നില)
കോർട്ട് റോഡ്, പാലക്കാട്-678 001.
(7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.